**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃകാര്യ വകുപ്പിന്റെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉപഭോക്തൃ കാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പുതിയ പദ്ധതികളും പരിഷ്കാരങ്ങളും വിശദമാക്കാമോ; | (എ) | ഉപഭോക്തൃകാര്യ വകുപ്പ് ശക്തിപ്പെടുത്തുന്നതിനായി പൊതുവിതരണ വകുപ്പിന്റെ പേര് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പെന്നും, പൊതുവിതരണ ഡയറക്ടർ, പൊതുവിതരണ കമ്മീഷണർ എന്നീ തസ്തികകൾ സംയോജിപ്പിച്ച് പൊതു വിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ എന്നും പുനഃനാമകരണം ചെയ്തിട്ടുണ്ട്. സംസ്ഥാന-ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ പരാതികൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിന് എൻ.ഐ.സി. രൂപകല്പന ചെയ്തിട്ടുള്ള ഇ-ഡാക്കിൽ ഓൺലൈൻ ഫയലിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ മീഡിയേഷൻ കേന്ദ്രങ്ങളും, സംസ്ഥാന-ജില്ലാ കമ്മീഷനുകളിൽ സൗജന്യ നിയമസഹായ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ ഇൻഫർമേഷൻ കിയോസ്കുകളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഓൺലൈൻ കേസ് ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം ഉണഭോക്താക്കൾക്ക് എത്രത്തോളം പ്രയോജനപ്രദമാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. ഇ-ഡാക്കിൽ സംവിധാനം നടപ്പിലാക്കിയതിന്റെ ഫലമായി ഉപഭോക്താക്കൾക്ക് നേരിട്ട് ഹാജരാകാതെ തന്നെ പരാതികൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. കേസിന്റെ വിചാരണ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്.മുഖാന്തിരം പരാതി ക്കാരനെ അറിയിക്കുന്നതിനാൽ എവിടെ നിന്നും പരാതിക്കാരന് പരാതി പരിഹാരത്തിനായി ബന്ധപ്പെട്ട കമ്മീഷനെ സമീപിക്കാവുന്നതാണ്. |
| (സി) | ഉപഭോക്തൃ അവകാശ സംരക്ഷണത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിയമ സഹായ | (സി) | ഉണ്ട്. ഉപഭോക്താക്കൾക്ക് സൗജന്യ നിയമസഹായം നൽകുന്നതു വഴി കേസുകൾ സുഗമമായി രജിസ്റ്റർ ചെയ്യുന്നതിനും വേഗത്തിൽ തീർപ്പാക്കുന്ന തിനും |

| | | | |
|---|---|---|---|
| | കേന്ദ്രങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | | കഴിയുന്നുണ്ട്. ആയതിലേയ്ക്ക് അഭിഭാഷകർക്കുള്ള പ്രതിഫലം 3000/-(മൂവായിരം) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഉപഭോക്തൃ പരാതികൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായി രൂപീകരിച്ച മീഡിയേഷൻ സെല്ലുകളുടെ ഘടന, പ്രവർത്തന പുരോഗതി, അപ്പീൽ വ്യവസ്ഥ എന്നിവ വിശദമാക്കാമോ? | (ഡി) | മീഡിയേഷൻ സെല്ലുകളുടെ തലവൻ അതാത് കമ്മീഷൻ പ്രസിഡന്റുമാരാണ്. മീഡിയേറ്റർമാരുടെ ഒരു പാനൽ, ഒരു സീനിയർ ക്ലാർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവർ ഉൾപ്പെടുന്നതാണ് മീഡിയേഷൻ സെല്ലുകൾ. തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ മീഡിയേഷൻ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ മീഡിയേഷൻ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മീഡിയേഷൻ സെൽ ഒരു മദ്ധ്യസ്ഥ ശ്രമം മാത്രമാകയാൽ മീഡിയേഷൻ റിപ്പോർട്ടുകൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ